## പതിനാലാം കേരള നിയമസഭ
## 4-ാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 3991** **15.03.2017 -ൽ മറുപടിയ്ക്ക്**

## നിലമ്പൂർ ടൂറിസത്തിന്റെ സമഗ്രവികസനം

**ചോദ്യം**
**ശ്രീ.പി.വി. അൻവർ :**

**ഉത്തരം**
**ശ്രീ. കടകംപള്ളി സുരേന്ദ്രൻ**

(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| (എ) | നിലമ്പൂർ ടൂറിസത്തിന്റെ സമഗ്രവികസനം ലക്ഷ്യമാക്കി ഒരു മാസ്റ്റർ പ്ലാൻ രൂപീകരിക്കുന്നതിനും സർവ്വേയ്ക്കുമായി ഏതെങ്കിലും ഏജൻസിയെ നിയോഗിച്ചിരുന്നോ; എങ്കിൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി എത്ര രൂപയാണ് ചെലവഴിച്ചത്; | (എ) | നിലമ്പൂർ ടൂറിസത്തിന്റെ സമഗ്രവികസനം ലക്ഷ്യമാക്കി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് ടാറ്റാ കൺസൽട്ടൻസി സർവ്വീസ് എന്ന സ്ഥാപനത്തെ നിയോഗിച്ചിട്ടുണ്ട്. ഇതിനായി 42 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയുണ്ടായി. ഇതിൽ 19,00,990/- രൂപ ടാറ്റാ കൺസൽട്ടൻസി സർവ്വീസിന് നൽകിയിട്ടുണ്ട്. |
| (ബി) | മാസ്റ്റർ പ്ലാനിന്റെ കരട് (Draft) സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ കരട് മാസ്റ്റർ പ്ലാൻ പരിശോധിച്ച് പോരായ്മകൾ ഉണ്ടെങ്കിൽ തിരുത്തുന്നതിനും അല്ലെങ്കിൽ അന്തിമ തീരുമാനമെടുക്കുന്നതിനും നടപടി സ്വീകരിക്കുമോ; കരട് മാസ്റ്റർ പ്ലാൻ സമർപ്പിച്ച തീയതി വ്യക്തമാക്കാമോ; തീരുമാനമെടുക്കുന്നതിനുള്ള കാലതാമസം എന്താണെന്ന് വിശദമാക്കാമോ; | (ബി) | കരട് മാസ്റ്റർപ്ലാൻ ലഭിച്ചിട്ടുണ്ട്. ഇത് പരിശോധനയിലാണ്. 05.05.2016 ലാണ് മാസ്റ്റർ പ്ലാൻ വകുപ്പിൽ ലഭിച്ചത്. ഇത് വിശദമായി പരിശോധിച്ച് വിശകലനം നടത്തേണ്ടതുണ്ട്. |
| (സി) | കരട് മാസ്റ്റർ പ്ലാൻ പ്രകാരം നിലമ്പൂർ ടൂറിസം സമഗ്ര-വികസനത്തിന് എത്ര രൂപയുടെ പ്രോജക്റ്റാണ് സമർപ്പിച്ചത്; പ്രോജക്റ്റ് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | മാസ്റ്റർ പ്ലാൻ അന്തിമമായി അംഗീകരിച്ച ശേഷം ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ